ജയ ജയ ജഹ്യ ജാമജിത ദോഷഗൃഭീതഗുണാം
ത്വമസി യദാത്മനാ സമവരുദ്ധസമസ്തഭഗ:
അഗജഗദോകസാമഖിലശക്ത്യവബോധക തേ
ക്വചിദ ജയാ$ff$ത്മനാ ച ചരതോ$f$നുചരേന്നിഗമ: **(10-87-14)**
ഉദരമുപാസതേ യ ഋഷി വർത്മസു കൂർപ്പദൃശ:
പരിസരപദ്ധതിം ഹൃദയമാരുണയോ ദഹരം
തത ഉദഗാദനന്ത തവ ധാമ ശിര: പരമം
പുനരിഹയത് സമേത്യ ന പതന്തി കൃതാന്തമുഖേ **(10-87-18)**

*പരീക്ഷിത്തിൻെറ മറ്റൊരു ചോദ്യത്തിനുത്തരമായി വേദത്തിൽ പറഞ്ഞിട്ടുള്ള ഭഗവൽസ്തുതി ശുകമുനി ഇപ്രകാരം ചൊല്ലിക്കേൾപ്പിച്ചു:*

"അജയ്യപ്രഭോ, അവിടേയ്ക്കു നമസ്ക്കാരം. ആത്മപ്രകാശസ്വരൂപനായ ഭഗവാനേ, ത്രിഗുണരൂപമാർന്നു പാപം വിതറുന്ന അജ്ഞാനത്തെ നശിപ്പിച്ചാലും. വിജ്ഞാനികൾ ഈ വിശ്വത്തെ പരബ്രഹ്മത്തിൽ നിന്നും വിഭിന്നമായി കാണുന്നില്ല. കാരണം, വിശ്വം പ്രകടമാവും മുൻപും പിൻപും പ്രകടിതാവസ്ഥയിലും അചഞ്ചലമായി നിലകൊള്ളുന്നത് പരമാത്മാവു മാത്രം. അവിടുന്ന് ബുദ്ധിക്കും വാക്കിനും അതീതനാണെന്ന് വേദങ്ങൾ പറയുന്നതിൻെറ കാരണവും അതാണ്. ബുദ്ധിക്ക് എത്താനും വിശദീകരിക്കാനും കഴിയുന്ന ഏതും അവിടുന്നു തന്നെ. മനുഷ്യർ എന്തിലേയ്ക്കു കാലടി വച്ചാലും ഭൂമിയിലേക്കാണല്ലോ വരുന്നത്. അതുപോലെ എല്ലാ ചിന്തകളുടെയും വിവരണങ്ങളുടെയും അടിത്തറ അവിടുന്നത്രെ. അതുകൊണ്ട് വിവേകമുള്ളവർ അവിടുത്തെ കഥകളിലും മഹിമാകഥനങ്ങളിലും ആഹ്ലാദചിത്തരായി ദുരിതക്ലേശങ്ങളിൽ നിന്നും വിമുക്തനാവുന്നു. എല്ലാ പരിമിതികൾക്കും കാലത്തിനുമതീതനായി അയാൾ പരമാനന്ദസച്ചിതാനന്ദമായ അങ്ങയിൽ ഭക്തനായി ജീവിക്കുന്നു.

അങ്ങയിലേക്കുള്ള പാതയിൽ ചലിക്കുന്നവർ മാത്രമെ ജിവിക്കുന്നുള്ളൂ. മറ്റുള്ളവർ ശ്വാസം വലിക്കുന്ന വെറും വസ്തുക്കൾ മാത്രം. ഞങ്ങളുടെ ജീവൻെറ ജീവൻ അവിടുന്നാണ്. ചരവസ്തുക്കളെ ചലിപ്പിക്കുന്നതും അവിടുന്നു തന്നെ. അങ്ങ് എല്ലാ ദ്രവ്യവസ്തുക്കൾക്കുമതീതനാണെങ്കിലും അവയ്ക്ക് അസ്തിത്വം ലഭിക്കുന്നത് അവിടുത്തെ ശക്തിയാലത്രെ. പാതകളെല്ലാം അങ്ങയിലെത്തിച്ചേരുന്നു. സ്ഥൂലമായ ദർശനമുള്ളവർ അവരുടെ ഉദരത്തോട് ഭക്തിയുള്ളവരായിരിക്കും. അതായത്, അവർ അങ്ങയെ ധ്യാനിക്കുന്നത് ഉദരഭാഗത്ത് ജീവകേന്ദ്രത്തെ പ്രതിഷ്ഠിച്ചിട്ടാണ്. ജ്ഞാനോദയം കിട്ടിയവരുടെ ദർശനം സൂക്ഷ്മമത്രെ. അവർ ഹൃദയത്തെ വിഭാവനചെയ്ത് അവിടുത്തെ ഭക്തരാവുന്നു. അതായത്, ഹൃദയഭാഗത്ത് ജീവകേന്ദ്രത്തെ പ്രതിഷ്ഠിച്ച് അവർ ധ്യാനം ചെയ്യുന്നു. അതിനു മുകളിൽ ശിരസ്സ്. അതാണ് അവിടുത്തെ ഇരിപ്പിടം. അവിടെ ഒരിക്കൽ എത്തിയവർ ലൗകീകാസ്തിത്വത്തിലേക്ക് തിരിച്ചു വരുന്നില്ല.

അവിടുന്ന് അനാദ്യന്തസ്വരൂപനായതു കൊണ്ട് സർവ്വാന്തര്യാമിയത്രെ. എങ്കിലും സൃഷ്ടിക്കപ്പെട്ട നാനാ തരങ്ങളായ ചരാചരങ്ങളിൽ അവിടുന്നു സ്വയം പ്രവേശിച്ചു എന്നു പറയപ്പെടുന്നു. ആരൊരാൾ ഈ ലോകത്ത് നിസ്വാർത്ഥിയായി അവനവൻെറ ധർമ്മം പ്രതിഫലേഛ കൂടാതെ നിർവ്വഹിക്കുന്നുവോ അയാൾ അവിടുത്തെ യാഥാർത്ഥ്യം മനസ്സിലാക്കുന്നു. സർവ്വസദാസഹജമായ സർവ്വാന്തര്യാമിയായി അവിടുത്തെ അയാൾ സാക്ഷാത്കരിക്കുന്നു.